പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ:1189 05.03.2020 ൽ മറുപടിയ്ക്ക്

ഇടുക്കി ജില്ലയിലെ ഭൂമിപ്രശ്നം

ചോദ്യം

ശ്രീ.മോൻസ് ജോസഫ്
ശ്രീ.പി.ജെ.ജോസഫ്
ശ്രീ.സി.എഫ്.തോമസ്

മറുപടി

ശ്രീ.ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഇടുക്കിയിലെ കർഷകർ അടക്കമുള്ളവരുടെ ഭൂമി പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | ഇടുക്കി ജില്ലയിലെ കർഷകരുൾപ്പെടെയുള്ളവരുടെ ഭൂമി പ്രശ്നം പരിഹരിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ ചുവടെ പറയുന്നു.<br><br>പതിവു നൽകുന്ന ഭൂമിയിലെ സർവ്വെ നമ്പരുകളിൽ തെറ്റു വരുന്നതു കാരണം നിരവധി പ്രശ്നങ്ങൾ കർഷകർ ഉൾപ്പെടെ എല്ലാ വിഭാഗം ജനങ്ങളും നേരിടുന്ന സാഹചര്യത്തിൽ സർവ്വെ നമ്പരുകളിലെ തെറ്റുകൾ തിരുത്തുന്നതിന് നിയമാനുസൃതമായ നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശം നല്കി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>1964 - ലെ ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തി കൈവശത്തിലുള്ള ഭൂമിക്ക് പട്ടയം ലഭിക്കുന്നതിനുണ്ടായിരുന്ന വരുമാന പരിധി ഒഴിവാക്കിയിട്ടുണ്ട്. |

| | | |
|---|---|---|
| | | കൈവശ ഭൂമി പതിച്ചു കിട്ടിയത് കൈമാറ്റം ചെയ്യുന്നതിനുള്ള കാലപരിധി ഒഴിവാക്കി നല്കി. കൈവശത്തിലില്ലാത്ത ഭൂമി പതിച്ചു കിട്ടുന്ന സംഗതിയിൽ കൈമാറ്റത്തിനുള്ള കാലപരിധി 25 വർഷത്തിൽ നിന്നും 12 വർഷമാക്കി കുറവു ചെയ്തു. കൈവശമുണ്ടായിരുന്ന ഭൂമി പതിച്ചു കിട്ടിയാലും കൈവശമില്ലാത്ത ഭൂമി പതിച്ചു കിട്ടിയാലും അത് സർക്കാരിലും എല്ലാത്തരം ബാങ്കുകളിലും ധനകാര്യ സ്ഥാപനങ്ങളിലും, റബ്ബർബോർഡിലും, ടീ ബോർഡിലും ഈടുവച്ച് കൃഷിക്കും വീട് വയ്ക്കുന്നതിനും ഉൾപ്പെടെ ലോൺ എടുക്കുന്നതിന് ഉതകുന്ന തരത്തിൽ ചട്ടങ്ങൾ ഭേദഗതി ചെയ്തു.<br>മൂന്നാർ മേഖലയിലെ ഗൃഹ നിർമ്മാണങ്ങൾക്ക് NOC നൽകുന്നതിന് തഹസിൽദാർമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇടുക്കി പദ്ധതി പ്രദേശത്ത് 10 ചങ്ങലയിൽ മൂന്ന് ചങ്ങലവിട്ടുള്ള കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പട്ടയഭൂമിയിലെ പട്ടയ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടുള്ള നിശ്ചിത വിസ്തൃതി വരെയുള്ള നിർമ്മിതികൾ വ്യവസ്ഥകളോടെ ക്രമവൽക്കരിച്ചു നൽകുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) | 2019 ആഗസ്റ്റ് 22 ലെ വിവാദ ഉത്തരവ് റദ്ദ് ചെയ്യുന്നതിനും അല്ലാത്ത പക്ഷം കർഷകരെയും ചെറുകിട വ്യാപാരികളെയും പ്രതികൂലമായി ബാധിക്കുന്ന പ്രസ്തുത ഉത്തരവിൽ നിയമപരമായ പരിശോധന നടത്തി ആവശ്യമായ ഭേദഗതി വരുത്തുവാൻ നടപടിയെടുക്കുമോ എന്നും വ്യക്തമാക്കാമോ; | 22.08.2019- ലെ ഉത്തരവിൽ ഭേദഗതി വരുത്തുന്നതു സംബന്ധിച്ച് വിവിധ വശങ്ങൾ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

| | | |
|---|---|---|
| (സി) | കൈവശമുള്ള കൃഷിഭൂമിയുടെ ആകെ വിസ്തൃതിയുടെ 25 ശതമാനത്തിൽ കുറയാത്ത ഭൂമി ടൂറിസം പോലുള്ള കാർഷികേതര ആവശ്യത്തിന് കൂടി ഉപയോഗിക്കാൻ കഴിയത്തക്ക രീതിയിൽ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാൻ തയ്യാറാകുമോ എന്നറിയിക്കാമോ? | പ്രസ്തുത വിഷയം ഇപ്പോൾ വകുപ്പിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ